കേരള സർവകലാശാല

നം. പി.ആർ.069/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വാർത്ത വസ്തുതാ വിരുദ്ധം

കേരള സർവകലാശാല യുവജനോൽസവവുമായി ബന്ധപ്പെട്ട് സർവകലാശാല യൂണിയൻ നടത്തിയ വാർത്താസമ്മേളനത്തിൽ സർവകലാശാല വൈസ് ചാൻസലറെ അപമാനിക്കുന്ന തരത്തിലുള്ള പ്രസ്താവനകളാണ് യൂണിയൻ ഭാരവാഹികൾ നടത്തിയത്. യുവജനോൽസവത്തിന്റെ അഡീഷണൽ ഗ്രാന്റുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞ സിൻഡിക്കേറ്റിൽ ഉന്നയിച്ചിട്ടും അടുത്ത കമ്മറ്റിയിൽ കൊടുത്താൽ മതിയെന്ന് വി.സി നിർദ്ദേശിച്ചുവെന്ന് ചില മാധ്യമങ്ങളിൽ വന്ന വാർത്ത തീർത്തും വസ്തുതാ വിരുദ്ധമാണ്. കഴിഞ്ഞ സിൻഡിക്കേറ്റ് അജണ്ടയിൽ അഡീഷണൽ ഗ്രാന്റുമായി ബന്ധപ്പെട്ട ഒരു ഇനം ഉണ്ടായിരുന്നില്ലെന്നിരിക്കെ, യൂണിവേഴ്സിറ്റി യൂണിയന്റെ ആരോപണങ്ങൾ തികച്ചും തെറ്റിദ്ധാരണാജനകമാണ്. യൂണിവേഴ്സിറ്റി യൂണിയന് (2016-2017) വേണ്ടി ബജറ്റിൽ വകയിരുത്തിയ 30 ലക്ഷത്തിൽ 22.5 ലക്ഷം ഇതിനകം നൽകിക്കഴിഞ്ഞു. ഈ തുക നാളിതുവരെ ക്രമപ്പെടുത്തിയിട്ടില്ല. എന്നാൽ, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അവസാന ഗഡുവായ 7.5 ലക്ഷം രൂപ നൽകാൻ വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

### ബി.എസ്സി ഇലക്ട്രോണിക്സ് പ്രായോഗിക പരീക്ഷ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എസ്സി ഇലക്ട്രോണിക്സ് കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ ഏപ്രിൽ മൂന്നിന് തുടങ്ങുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എം - എം.എ.എം പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ 19-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എം - എം.എ.എം. പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ ആഞ്ച് (50 രൂപ പിഴയോടെ ഏപ്രിൽ ഏഴ്, 125 രൂപ പിഴയോടെ ഏപ്രിൽ 11) വരെ ഫീസടച്ച് അപേക്ഷിക്കാം. പ്രസ്തുത പരീക്ഷ എഴുതുന്നവർ സർവകലാശാല വെബ്സൈറ്റ് (www.exams.keralauniversity.ac.in) വഴി അപേക്ഷിക്കണം.

### ബി.എം - എം.എ.എം ടൈംടേബിൾ

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എം - എം.എ.എം. റെഗുലർ & സപ്ലിമെന്ററി (2015 സ്കീം) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി പരീക്ഷകൾ മാറ്റിവച്ചു

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് നടത്താനിരുന്ന ഒന്നാം വർഷം (ത്രിവത്സരം), മൂന്നാം വർഷം (പഞ്ചവത്സരം - പുതിയ സ്കീം മേഴ്സി ചാൻസ്-1998 അഡ്മിഷൻ, പഴയ സ്കീം മേഴ്സി ചാൻസ്-1998-ന് മുമ്പുള്ള അഡ്മിഷൻ) എൽ.എൽ.ബി പരീക്ഷകൾ മാറ്റിവച്ചു. പ്രസ്തുത പരീക്ഷ ഏപ്രിൽ 24-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക് സപ്ലിമെന്ററി ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ആർക് സപ്ലിമെന്ററി ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ പരീക്ഷ

കേരള സർവകലാശാല ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തുന്ന ഒന്ന്,മൂന്ന്,അഞ്ച് സെമസ്റ്റർ എം.സി.എ പരീക്ഷയുടെ ഫീസ് അടയ്ക്കുന്നതിനുള്ള വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല ഏപ്രിൽ മൂന്നിന് ആരംഭിക്കുന്ന ബി.എ.(ആന്വൽ സ്കീം) (അഫ്സൽ- ഉൽ-ഉലമ ഉൾപ്പെടെ പാർട്ട് മൂന്ന് മെയിനും സബ്സിഡിയറിയും) പരീക്ഷകൾക്ക് എൽ.എസ്.സി. കാസർകോഡ്, എൽ.എസ്.സി. തൃശൂർ, മലപ്പുറം ഫലാഹിയ കോളേജ്, എൽ.എസ്.സി. പാലക്കാട് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചേർത്തല എസ്.എൻ. കോളേജിൽ പരീക്ഷ എഴുതണം. ടി.കെ.എം.എം. കോളേജ് നങ്ങ്യാർകുളങ്ങര പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ചവർ കായംകുളം എം.എസ്.എം കോളേജ്, കൊല്ലം എസ്.എൻ.കോളേജ് ഫോർ വിമൻ, ശാസ്താംകോട്ട ഡി.ബി. കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ. കോളേജിൽ പരീക്ഷ എഴുതണം. മാർ ഇവാനിയോസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ചെമ്പഴന്തി എസ്.എൻ. കോളേജിൽ പരീക്ഷ എഴുതണം. കൊല്ലം എഫ്.എം.എൻ. കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ആൺകുട്ടികൾ കൊല്ലം ടി.കെ.എം ആർട്സ് ആന്റ് സയൻസ് കോളേജിലും പെൺകുട്ടികൾ കൊല്ലം എസ്.എൻ. കോളേജ് ഫോർ വിമനിലും പരീക്ഷ എഴുതണം. ഗവ.സംസ്കൃത കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച ഇംഗ്ലീഷ്, സോഷ്യോളജി, മലയാളം എന്നീ വിഷയങ്ങൾ മെയിൻ ആയി അപേക്ഷിച്ചവർ തുമ്പ സെന്റ് സേവിയസ് കോളേജിൽ പരീക്ഷ എഴുതണം. ഹാൾ ടിക്കറ്റുകൾ പുതിയ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപറ്റേണ്ടതാണ്. ഓൺലൈനായി

രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾ ടിക്കറ്റുമായി പരീക്ഷാകേന്ദ്രങ്ങളിൽ എത്തി പരീക്ഷ എഴുതേണ്ടതാണ്.

**ബി.എഡ് പരീക്ഷ**

കേരള സർവകലാശാല ഏപ്രിൽ മൂന്ന്, അഞ്ച് തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എഡ് (2015 സ്കീം) ഓൺലൈൻ പരീക്ഷകൾ യഥാക്രമം ഏപ്രിൽ 18, 20 തീയതികളിൽ നടത്തുന്നതാണ്.

തിരുവനന്തപുരം.
30.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098